"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമഭവന പദ്ധതി (2003-04) ഗുണഭോക്താവായ ശ്രീ. ഉമേശൻ. ബി, C/o. ശ്രീ.ഭാർഗവൻ, മീനാപ്പീസ് എന്നയാൾ ഭവന നിർമ്മാണത്തിന് കൈപ്പറ്റിയ മുതൽ തുകയും പലിശ തുകയും മുഴുവനായും ഒഴിവാക്കി ആധാരം തിരികെ നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.395/2025/F&P　തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:-　ഫിഷറീസ് ഡയറക്ടറുടെ 09/03/2025, 01/05/2025 തീയതികളിലെ DFTVM/245/2025-N1 നമ്പർ കത്തുകൾ.

**ഉത്തരവ്**

ശ്രീ. ഉമേശൻ. ബി, C/o. ശ്രീ.ഭാർഗവൻ, മീനാപ്പീസ് എന്നയാൾ കാസർഗോഡ് ഫിഷറീസ് വകുപ്പ് മുഖേന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമഭവന പദ്ധതി (2003-04) പ്രകാരം 20,000/- രൂപ കൈപ്പറ്റിയിരുന്നുവെങ്കിലും യഥാസമയം ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ തുടർ ധനസഹായം അനുവദിച്ചു നല്കാനായിട്ടില്ലെന്നും, അപേക്ഷകൻ വീട് നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ആധാരം തിരികെ നൽകണമെന്ന അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കണമെങ്കിൽ കൈപ്പറ്റിയ മുതൽ തുകയും സർക്കാർ നിഷ്കർഷിക്കുന്ന പലിശയും സഹിതം തിരിച്ചടയ്ക്കേണ്ടതായുണ്ടെന്നും പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകന് ആധാരം തിരികെ നൽകണമെങ്കിൽ ഭവന നിർമ്മാണ പദ്ധതി പ്രകാരം കൈപ്പറ്റിയ 20,000/- രൂപയും, 18% പലിശ നിരക്കിൽ 74,581/- (31/01/2025 തീയതി വരെ ഈടാക്കുമ്പോൾ) രൂപയും ചേർത്ത് ആകെ 94,581/- രൂപ (തൊണ്ണൂറ്റി നാലായിരത്തി അഞ്ഞൂറ്റി എൺപത്തി ഒന്ന് രൂപ) ആണ് തിരിച്ചടക്കേണ്ടതായിട്ടുള്ളതെന്നും ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.ഉമേശൻ.ബി കരുതലും കൈത്താങ്ങും അദാലത്തിൽ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന്റെ നിലവിലെ ദയനീയമായ അവസ്ഥ പരിഗണിച്ച് ധനസഹായമായി കൈപ്പറ്റിയ മുതൽ തുകയും പലിശ തുകയും ചേർത്ത് ആകെ 94,581/- രൂപ (തൊണ്ണൂറ്റി നാലായിരത്തി അഞ്ഞൂറ്റി എൺപത്തി ഒന്ന് രൂപ) ഒഴിവാക്കി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2)　സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫിഷറീസ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ചും, അപേക്ഷകന്റെ നിലവിലെ ദയനീയമായ അവസ്ഥ പരിഗണിച്ചും ശ്രീ. ഉമേശൻ. ബി, C/o. ശ്രീ.ഭാർഗവൻ, മീനാപ്പീസ് എന്നയാൾ ധനസഹായമായി കൈപ്പറ്റിയ 20,000 രൂപ മുതൽ തുകയും 74,581 രൂപ പലിശ തുകയും ചേർത്ത് ആകെ 94,581/- രൂപ (തൊണ്ണൂറ്റി നാലായിരത്തി അഞ്ഞൂറ്റി എൺപത്തി ഒന്ന് രൂപ) ഒഴിവാക്കി ആധാരം

തിരികെ നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.സി2/78/2025/മതുവ)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sabitha Shiju
Date: 02-06-2025 13:40:01